# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ**

**ചോദ്യം നം.2700** **06.11.2019-ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഡി.സി യുടെ പുതിയ സിനിമാ തിയേറ്ററുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ഡി.പ്രസേനൻ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) ഈ സാമ്പത്തിക വർഷം എത്ര പുതിയ സിനിമ തിയേറ്ററുകൾ ആരംഭിക്കുവാൻ കെ.എസ്.എഫ്.ഡി.സി ഉദ്ദേശിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കാമോ; | (എ) കിഫ്ബിയുടെ ധനസഹായത്തോടെ അളഗപ്പനഗർ, പേരാമ്പ്ര, കായംകുളം, പയ്യന്നൂർ എന്നീ സ്ഥലങ്ങളിൽ തിയേറ്റർ നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. കൂടാതെ ചെങ്ങന്നൂർ, ഒറ്റപ്പാലം, താനൂർ, വൈക്കം, കാക്കനാട്, പായം (കണ്ണൂർ), നെയ്യാറ്റിൻകര എന്നിവിടങ്ങളിൽ തിയേറ്റർ നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കി വരുന്നു. |
| (ബി) ആലത്തൂർ നിയോജക മണ്ഡലത്തിൽ ആലത്തൂർ ഗ്രാമപഞ്ചായത്തിൽ തിയേറ്റർ തുടങ്ങുന്നതിനായി സ്ഥലം അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ആലത്തൂർ ഗ്രാമപഞ്ചായത്തിൽ തിയേറ്റർ തുടങ്ങുന്നതിനു വേണ്ടിയുള്ള പഞ്ചായത്ത് തീരുമാനം കെ.എസ്.എഫ്.ഡി.സിക്ക് ലഭിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത സ്ഥലത്ത് തിയേറ്റർ തുടങ്ങുന്നതിന് നടപടികൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാമോ? | (സി) ആലത്തൂർ ഗ്രാമപഞ്ചായത്തിലെ സ്ഥലം സർക്കാർ അനുമതിയോടെ കൈമാറി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് ലഭ്യമാകുന്ന മുറയ്ക്ക് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ